2026
FEBRUARY
13
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## ടെലികോം ഇൻഫ്രാസ്ട്രക്ചർ സുരക്ഷ

# ഏകോപനം അനിവാര്യം




**കൊച്ചി:** ടെലികോം ഇൻഫ്രാസ്ട്രക്ചറിന്റെ വിശ്വാസ്യതയും സുരക്ഷയും ഉറപ്പാക്കാൻ നിയന്ത്രണ ഏജൻസികളും സേവന ദാതാക്കളും നിയമപാലകരും തമ്മിലുള്ള ഏകോപനം അനിവാര്യമെന്ന് കേന്ദ്ര വാർത്താവിനിമയ മന്ത്രാലയത്തിന് കീഴിലുള്ള ടെലികോം വകുപ്പിന്റെ ഡയറക്ടർ ജനറൽ ടെലികോം ആസ്ഥാനത്തിന് കീഴിലുള്ള കേരള ലൈസൻസ്ഡ് സർവീസ് ഏരിയ, സുരക്ഷാ സംബന്ധമായ വിഷയങ്ങളെക്കുറിച്ച് കൊച്ചിയിൽ നടന്ന ടെലികോം ദക്ഷിണമേഖലാ സുരക്ഷാ വാർഷിക സമ്മേളനം ആവശ്യപ്പെട്ടു. 2022ൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത 5ജി സേവനം ഇന്ന് രാജ്യത്തെ 777 ജില്ലകളിൽ 776ലും ലഭ്യമാണ്. ലോകത്തിലെ തന്നെ ഏറ്റവും വേഗത്തിലുള്ള 5ജി വ്യാപനമാണ് ഇന്ത്യയിലുണ്ടായത്. ലോകത്തിലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള മൊബൈൽ സേവനങ്ങൾ ലഭ്യമാകുന്നത് ഇന്ത്യയിലാണ്. സാമ്പത്തിക തട്ടിപ്പുകൾ തടയാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഫേഷ്യൽ റെക്കഗ്നിഷനും ഉപയോഗിക്കുന്ന ഡിജിറ്റൽ ഇന്റലിജൻസ് പ്ലാറ്റ്ഫോം ടെലികോം വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്.

സഞ്ചാർ സാഥി വഴി നഷ്ടപ്പെട്ട ഫോണുകൾ ബ്ലോക്ക് ചെയ്യാനും ഒരാളുടെ പേരിൽ എത്ര കണക്ഷനുകൾ ഉണ്ടെന്ന് അറിയാനും സാധിക്കും. കഴിഞ്ഞ ഒരു വർഷത്തിനിടെ 24 കോടി ആളുകൾ ഈ പോർട്ടൽ സന്ദർശിക്കുകയും 1.9 കോടി പേർ ആപ്പ് ഡൗൺലോഡ് ചെയ്യുകയും ചെയ്തു. കഴിഞ്ഞ രണ്ട് വർഷത്തിനിടെ 5 കോടിയിലധികം സംശയാസ്പദമായ കണക്ഷനുകൾ റദ്ദാക്കി. ഏകദേശം 8.5 ലക്ഷം മൊബൈൽ ഫോണുകൾ പോലീസ് കണ്ടെത്തി. ലോകാരോഗ്യ സംഘടനയുടെയും അന്താരാഷ്ട്ര കമ്മീഷന്റെയും (ICNIRP) നിർദ്ദേശങ്ങളേക്കാൾ കർശനമായ റേഡിയേഷൻ മാനദണ്ഡങ്ങളാണ് ഇന്ത്യ പിന്തുടരുന്നത്. പൊതുജനങ്ങൾക്ക് തങ്ങളുടെ പ്രദേശത്തെ ടവർ റേഡിയേഷൻ നില പരിശോധിക്കാൻ 'തരംഗ് സഞ്ചാർ പോർട്ടൽ' (Tarang Sanchar Portal) സൗകര്യം ലഭ്യമാണെന്നും സമ്മേളനം ചൂണ്ടിക്കാട്ടി. ഡി.ജി ടെലികോം ആർ.കെ. ഗോയൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ കമ്മീഷൻ മെമ്പർ (സർവീസസ്) ദേബ് കുമാർ ചക്രവർത്തി, കേരള അഡീഷണൽ ഡയറക്ടർ ജനറൽ ടെലികോം ബെന്നി ചിന്നപ്പൻ, കേരള എ.ഡി.ജി.പി എസ്. ശ്രീജിത്ത് തുടങ്ങിയവർ സംസാരിച്ചു.

ടെലികോം വകുപ്പിന്റെ പോർട്ടലിൽ ഉപഭോക്താക്കൾ റിപ്പോർട്ട് ചെയ്ത, മോഷണം പോയതോ നഷ്ടപ്പെട്ടതോ ആയ മൊബൈൽ ഫോണുകൾ ഏറ്റവും കൂടുതൽ കണ്ടെത്തിയ ദക്ഷിണമേഖലയിലെ 8 പോലീസ് യൂണിറ്റുകളെ ചടങ്ങിൽ ആദരിച്ചു. സിഇഐആർ പോർട്ടൽ വഴി നഷ്ടപ്പെട്ട മൊബൈൽ ഹാൻഡ്സെറ്റുകൾ പരമാവധി വീണ്ടെടുക്കുന്നതിന് കേരളത്തിലും ലക്ഷദ്വീപിലും മികച്ച പ്രകടനം കാഴ്ചവച്ച ജില്ലകൾക്കുള്ള അവാർഡുകൾ സമ്മാനിച്ചു . ടെലികോം വകുപ്പിന്റെ കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക സംസ്ഥാനങ്ങളടങ്ങുന്ന ദക്ഷിണമേഖലാ എൽ.എസ്.എകളിലെ ഉദ്യോഗസ്ഥരും, കേന്ദ്രസംസ്ഥാന നിയമപാലന ഏജൻസികളും, വിവിധ ടെലികോം സേവന ദാതാക്കളും ഐ.എസ്.പി.എ.ഐ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു.

## നെറ്റ്‌വർക്ക് റെഡിനസ് സൂചിക : ഇന്ത്യയ്ക്ക് തിളക്കമാർന്ന നേട്ടം

**ന്യൂഡൽഹി:** 2026 ഫെബ്രുവരി ആദ്യം പുറത്തിറക്കിയ 2025 ലെ ഇന്റർനെറ്റ് ശൃംഖലാ സജ്ജതയുടെ സൂചിക സംബന്ധിച്ച റിപ്പോർട്ടിൽ നാല് സ്ഥാനങ്ങൾ മെച്ചപ്പെടുത്തി ഇന്ത്യ 45ാം റാങ്കിലെത്തി. സാങ്കേതികവിദ്യ, ജനങ്ങൾ, ഭരണനിർവഹണം, സ്വാധീനം എന്നീ നാല് പ്രധാന സ്തംഭങ്ങളിലായി 53 സൂചകങ്ങളെ അടിസ്ഥാനമാക്കി 127 സമ്പദ് വ്യവസ്ഥകളുടെ ഇന്റർനെറ്റ് ശൃംഖലാ സജ്ജതയാണ് റിപ്പോർട്ട് വിലയിരുത്തുന്നത്.

വാഷിംഗ്ടൺ ഡിസി ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്വതന്ത്ര ലാഭരഹിത ഗവേഷണവിദ്യാഭ്യാസ സ്ഥാപനമായ പോർട്ടുലൻസ് ഇൻസ്റ്റിറ്റ്യൂട്ടാണ് റിപ്പോർട്ട് തയ്യാറാക്കിയത്. റാങ്കിങ് നില മെച്ചപ്പെടുത്തിയതിന് പുറമെ 2024ലെ 100ൽ 53.63 എന്ന സ്കോറിൽ നിന്ന് ഇന്ത്യ 2025ൽ 54.43 എന്ന സ്കോറിലേക്ക് ഉയരുകയും ചെയ്തു. പല സൂചകങ്ങളിലും ഇന്ത്യ മുന്നിട്ടുനിൽക്കുന്നുവെന്നതും ശ്രദ്ധേയമാണ്. റിപ്പോർട്ട് പ്രകാരം ടെലികമ്മ്യൂണിക്കേഷൻ സേവനങ്ങളിലെ വാർഷിക നിക്ഷേപം, എഐ ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ, ഐസിടി സേവന കയറ്റുമതി, ഇ-കൊമേഴ്സ് നിയമനിർമാണം എന്നീ സൂചകങ്ങളിൽ ഇന്ത്യ ഒന്നാം സ്ഥാനം സ്വന്തമാക്കി. കൂടാതെ എഫ്ടിടിഎച്ച്/കെട്ടിടങ്ങളിലെ ഇന്റർനെറ്റ് കണക്ഷനുകൾ, രാജ്യത്തിനകത്തെ മൊബൈൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ഉപയോഗം, അന്താരാഷ്ട്ര ഇന്റർനെറ്റ് ബാൻഡ് വിഡ്ത്ത് എന്നിവയിൽ രണ്ടാം സ്ഥാനവും ആഭ്യന്തര വിപണിയുടെ വ്യാപ്തി, വരുമാന അസമത്വം എന്നീ സൂചകങ്ങളിൽ മൂന്നാം സ്ഥാനവും ഇന്ത്യ നേടി.

ഇന്ത്യയുടെ വരുമാന നിലവാരത്തിന്റെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്നതിലും മികച്ച നെറ്റ് വർക്ക് റെഡിനെസ് രാജ്യത്തുണ്ടെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. താഴ്ന്ന ഇടത്തരം വരുമാനമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്.

## ഇന്ത്യയെ കൺട്രി ഓഫ് ദി ഇയർ ആയി തിരഞ്ഞെടുത്ത് ജർമനിയിലെ ബയോഫാക്

**ന്യൂഡൽഹി:** ജർമനിയിലെ നൂറംബർഗിൽ സംഘടിപ്പിക്കുന്ന ലോകത്തെ പ്രമുഖ ജൈവോൽപ്പന്ന വ്യാപാര മേളയായ ബയോഫാക് 2026 ൽ ഇന്ത്യയെ കൺട്രി ഓഫ് ദി ഇയർ ആയി തിരഞ്ഞെടുത്തു. രാജ്യത്തിന്റെ സമ്പന്ന കാർഷിക പാരമ്പര്യത്തെയും ജൈവോൽപ്പന്നങ്ങളുടെ പ്രധാന ആഗോള വിതരണക്കാരെന്ന നിലയിലെ കരുത്തിനെയും ഇന്ത്യയുടെ പങ്കാളിത്തം എടുത്തുകാട്ടും. ജൈവ ഭക്ഷ്യകാർഷിക മേഖലയ്ക്കായി മാത്രം പ്രത്യേകം സംഘടിപ്പിക്കുന്ന ലോകത്തെ ഏറ്റവും വലുതും സ്വാധീനമേറിയതുമായ പ്രദർശനമാണ് ജർമനിയിലെ ബയോഫാക്. ഒരു പതിറ്റാണ്ടിലേറെയായി APEDA ബയോഫാക്കിൽ പങ്കെടുത്തുവരുന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച്, ഇത്തവണ ബയോഫാക് മേളയിൽ ഇന്ത്യയുടെ പങ്കാളിത്തം വളരെ വലുതാണ്. ഇന്ത്യൻ ജൈവോൽപ്പന്നങ്ങളുടെ കയറ്റുമതി വർധനയുടെയും ആഗോളതലത്തിൽ ഇവയുടെ ഉയർന്ന ആവശ്യകതയുടെയും കൂടുതൽ കയറ്റുമതിക്കാരും കർഷക ഉൽപാദക സംഘങ്ങളും കൂട്ടായ്മകളും ഈ രംഗത്തേക്ക് വരുന്നതിന്റെയും തെളിവാണിത്.

14 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇന്ത്യയുടെ ജൈവ കാർഷിക മേഖല ബയോഫാക് 2026ൽ പ്രധാന ശ്രദ്ധാകേന്ദ്രമാകുന്നത്.1,074 ചതുരശ്ര മീറ്റർ വിസ്തൃതിയിലാണ് APEDA ഇന്ത്യയുടെ പവലിയൻ സജ്ജീകരിച്ചിരിക്കുന്നത്. ജൈവോൽപ്പന്ന കയറ്റുമതിക്കാർ, കർഷക ഉൽപ്പാദക സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ജൈവ ലബോറട്ടറികൾ, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, വാണിജ്യ ബോർഡുകൾ എന്നിവയുൾപ്പെടെ 67 സഹപ്രദർശകരാണ് പരിപാടിയിൽ അണിനിരക്കുന്നത്. അരി, എണ്ണക്കുരുക്കൾ, ഔഷധസസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പരിപ്പുവർഗങ്ങൾ, കശുവണ്ടി, ഇഞ്ചി, മഞ്ഞൾ, വലിയ ഏലം, കറുവപ്പട്ട, മാമ്പഴ പൾപ്പ്, സുഗന്ധ എണ്ണകൾ തുടങ്ങി വിപുലമായ ജൈവോൽപ്പന്നങ്ങൾ പവിലിയനിൽ പ്രദർശിപ്പിക്കുന്നുണ്ട്.

രാജ്യത്തിന്റെ 20ലധികം സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും പ്രദർശകർ ഇന്ത്യ പവിലിയനിൽ പങ്കുചേരുന്നുണ്ട്. അസം, മേഘാലയ, മണിപ്പൂർ, ഡൽഹി, ഗുജറാത്ത്, ഹരിയാന, കർണാടക, കേരളം, പശ്ചിമ ബംഗാൾ, മധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, അരുണാചൽ പ്രദേശ്, തമിഴ്നാട്, തെലങ്കാന, ഉത്തർപ്രദേശ്, ജമ്മു കശ്മീർ, ഉത്തരാഖണ്ഡ് എന്നിവ ഇതിലുൾപ്പെടുന്നു. പ്രാദേശിക ഉൽപ്പന്ന പ്രദർശനങ്ങൾക്ക് പുറമെ ഇന്ത്യ പവിലിയനിലെ സന്ദർശകർക്കായി ഇന്ത്യൻ ജൈവോൽപന്നങ്ങളുടെ രുചിയും സുഗന്ധവും പ്രദർശിപ്പിക്കുന്ന പ്രത്യേക ഭക്ഷ്യവിതരണവും ഒരുക്കിയിട്ടുണ്ട്. ഗുണനിലവാരമേറിയ ജൈവ ബസുമതി അരിയും സുഗന്ധവ്യഞ്ജനങ്ങളും ഉപയോഗിച്ച് തയ്യാറാക്കിയ സുഗന്ധമുള്ള ബിരിയാണിയുടെ തത്സമയ സാമ്പിൾ വിതരണം പവലിയനിൽ സംഘടിപ്പിക്കും. കൂടാതെ ഇന്ത്യയുടെ പാരമ്പര്യ അരി ഇനങ്ങളെ ഉയർത്തിക്കാട്ടുന്നതിന് ഇന്ദ്രായാണി, നവര, ഗോവിന്ദ്ഭോഗ്, ചുവന്ന അരി, ചക് ഹാവോ (കറുത്ത അരി) എന്നീ അഞ്ച് ഭൗമസൂചികാ പദവി നേടിയ അരി ഇനങ്ങളും സന്ദർശകരുടെ മുന്നിലെത്തും.



# ഇന്നത്തെ പരിപാടി

## കൊച്ചി

- **ഫോർട്ട് കൊച്ചി ബാസ്റ്റിൻ ബംഗ്ലാവ്:** കൊച്ചി ബിനാലെയുടെ ഭാഗമായി സിനിമാ പ്രദർശനം രാവിലെ 11.30 മുതൽ
- **ഫോർട്ട് കൊച്ചി ആസ്പിൻ വാൾ, കയർ ഗോഡൗൺ:** ശിൽപ്പശാല രാവിലെ 11 മുതൽ
- **ഇടപ്പിള്ളി ലുലുമാൾ : ലുലു ഫ്ളവർ ഫെസ്റ്റ്** – രാവിലെ 10ന്.
- **വെണ്ണല തൈക്കാട്ട് മഹാദേവക്ഷേത്രം :** ശിവരാത്രി ഉത്സവം – രാവിലെ 6ന്.
- **കാക്കനാട് രാജഗിരി വാലി ക്യാമ്പസ് :** ഏഴാമത് രാജഗിരി അന്താരാഷ്ട്ര മാനേജ്മെന്റ് കോൺഫറൻസ് – രാവിലെ 11ന്.
- **കൊച്ചി ലെ മീഡിയൻ :** ഇന്ത്യൻ അസോസിയേഷൻ ഫിസിക്കൽ മെഡിക്കൽ ആൻഡ് റീഹാബിലിറ്റേഷൻ രാജ്യാന്തര സമ്മേളനം – ഉദ്ഘാടനം ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ – വൈകിട്ട് 6ന്.
- **എറാണാകുളം സെന്റ് ആൽബർട്സ് സ്കൂൾ :** വിദ്യാലയങ്ങളിൽ ഫലവൃക്ഷത്തോട്ടം നാലാംഘട്ട പദ്ധതിയുടെ ഉദ്ഘാടനം – രാവിലെ 10ന്.

## കിഴക്കമ്പലം

- **പഴങ്ങനാട് സെന്റ് അഗസ്റ്റിൻസ് പള്ളി :** വിശുദ്ധ ആഗസ്തിനോസിന്റെ ദർശന തിരുനാൾ – രാവിലെ 6ന്.

## പറവൂർ

- **പറവൂർ താലൂക്ക് സഹകരണ ബാങ്ക് ഹാൾ :** പറവൂർ താലൂക്ക് വ്യവസായ വായ്പ മേള– ബാങ്കേഴ്സ് മീറ്റ് – ഉദ്ഘാടനം രാവിലെ 10ന്.

## വരാപ്പുഴ

- **കുനമ്മാവ് സെന്റ്ജോസഫ് ആശ്രമദേവാലം :** വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ – രാവിലെ 6.15ന്.

## അങ്കമാലി

- **അങ്കമാലി സിഎസ്എ ഓഡിറ്റോറിയം :** എൽ.ഡി.എഫ് സംസ്ഥാന ജാഥ – രാവിലെ 10ന്.

## വെണ്ണല

- **വെണ്ണല തൈക്കാട്ട് ശ്രീമഹാദേവ ക്ഷേത്രം :** ശിവരാത്രി തിരുവുത്സവം – കോൽക്കളി, കിണ്ണംകളി, പിന്നൽ തിരുവാതിര – വൈകിട്ട് 7 മുതൽ.

## മൂവാറ്റുപുഴ

- **നിർമല കോളേജ് ഡിജിറ്റൽ തിയേറ്റർ :** മൂവാറ്റുപുഴ ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രാജ്യാന്തര ചലച്ചിത്ര മേള – രാവിലെ 9ന്

## ആലുവ

- **ആലുവ കെഎസ്ആർടിസി സ്റ്റാൻഡ് :** എൽഡിഎഫ് മധ്യമേഖല വികസനമുന്നേറ്റ ജാഥ – ഉച്ചകഴിഞ്ഞ് 3ന്.

## കോതമംഗലം

- **തട്ടേക്കാട് സലിം അലി നേച്ചർ എജ്യൂക്കേഷൻ സെന്റർ :** വിരമിക്കുന്ന അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, പക്ഷിശാസ്ത്രജ്ഞൻ എന്നിവർക്ക് സ്നേഹാദരം – ഉച്ചയ്ക്ക് 2ന്.
- **ഇഞ്ചൂർ സെന്റ് ആന്റണീസ് പള്ളി :** വിശുദ്ധ അന്തോണീസിന്റെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും തിരുന്നാൾ – വൈകിട്ട് 4 .30 ന്
- **വടാശേരി ചൊറിയൻ കാവ് ഭഗവതി ക്ഷേത്രം :** പ്രതിഷ്ഠാദിനാഘോഷവും താലപ്പൊലി ഉത്സവവും – രാവിലെ 6 ന്.

ഷൂട്ട് @സൈറ്റ്



**മുന്നൊരുക്കം.......** *കൊച്ചി കണ്ടെയ്നർ റോഡരുകിൽ പൂത്തു നിൽക്കുന്ന കണിക്കൊന്ന.*

ഫോട്ടോ: എ എസ് സതീഷ്

# കുടുംബശ്രീയുടെ അടുത്ത ലക്ഷ്യം വേതനാധിഷ്ഠിത തൊഴിലും വരുമാന വർധനവും

**തിരുവനന്തപുരം:** കുടുംബശ്രീ അംഗങ്ങളെ സംരംഭകരാകാൻ പിന്തുണ നൽകുന്നതിന് പുറമേ അവരെ വേതനാധിഷ്ഠിത തൊഴിലുകളിലേക്ക് കൈപിടിച്ചുയർത്തി വരുമാനവർധനവ് ലഭ്യമാക്കാൻ സഹായിക്കുകയാണ് കുടുംബശ്രീയുടെ അടുത്ത ലക്ഷ്യമെന്നും ഇതിനായുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കിയെന്നും മന്ത്രി എം. ബി രാജേഷ് പറഞ്ഞു. കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കിയ ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ തൊഴിൽ ലഭിച്ച യുവജനങ്ങളുടെ സംഗമം ടാലന്റോ'26 ഉദ്ഘാടനവും ഡി.ഡി.യു.ജി.കെ.വൈ പദ്ധതി രാംഘട്ടം ഔദ്യോഗിക പ്രഖ്യാപനവും കാര്യവട്ടം ട്രാവൻകൂർ ഇന്റർനാഷണൽ കൺവെൻഷൻ സെന്റ്റിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളീയ സ്ത്രീജീവിതത്തിലും സാമൂഹിക രംഗത്തും നിർണായകമായ സ്വാധീനം ചെയുത്താൻ കഴിഞ്ഞ പ്രസ്ഥാനമാണ് കുടുംബശ്രീയെന്ന് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. കേരളത്തെ അതിദാരിദ്ര്യമുക്തമാക്കുന്നതിലും കുടുംബശ്രീ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഉജ്ജീവനം പദ്ധതിവഴി അതിദരിദ്ര കുടുംബങ്ങൾക്ക് ഉപജീവന മാർഗം ലഭ്യമാക്കിയത് കുടുംബശ്രീയാണ്. ഡി.ഡി.യു.ജി.കെ.വൈ പദ്ധതി ആദ്യഘട്ടത്തിൽ 78524 പേർക്ക് നൈപുണ്യപരിശീലനം നൽകിയവരിൽ 56665 പേർക്കും ജോലി ലഭ്യമാക്കാൻ കഴിഞ്ഞു. ഇത് വളരെ മികച്ച നിരക്കാണ്. ജോലി കിട്ടിയവരിൽ 107 പേർ ഭിന്നശേഷിക്കാരുമാണ്. കുടുംബശ്രീയുടെ പദ്ധതി പ്രവർത്തനങ്ങൾ എങ്ങനെയാണ് സാമൂഹ്യ ഉൾച്ചേർക്കലിന്റെ കൂടി ഭാഗമാകുന്നത് എന്നതിന്റെ തെളിവാണിത്. വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ വഴി 78000 പേർക്കും തൊഴിൽ ലഭ്യമാക്കി. ആകെ 130000 പേർക്കാണ് തൊഴിൽ ലഭ്യമാക്കിയത്. കുടുംബശ്രീ സംരംഭങ്ങളുടെ കാര്യത്തിലും വലിയ തോതിലുള്ള രൂപാന്തരമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഇന്ത്യയിലെ മുൻനിര കാർഷിക സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നു നേടിയ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു തയ്യാറാക്കിയ ബ്രാൻഡഡ് മൂല്യവർധിത ഉൽപന്നങ്ങൾ ആഗോള വിപണിയിലെത്തിക്കഴിഞ്ഞു. ഡി.ഡി.യു.ജി.കെ.വൈ രാംഘട്ടത്തിൽ 3272 യുവജനങ്ങളെ ഉൾപ്പെടുത്തി 36 പുതിയ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഡി.ഡി.യു.ജി.കെ വൈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ കാഴ്ച വച്ച പ്രകടന മികവാണ് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കുള്ള അനുമതി ലഭ്യമാക്കിയതെന്ന് പറഞ്ഞ മന്ത്രി പദ്ധതിയുടെ പിന്നിൽ പ്രവർത്തിച്ചവരെ അഭിനന്ദിച്ചു. കുടുംബശ്രീയുമായി കരാർ ഒപ്പുവച്ച 23 പരിശീലക ഏജൻസികളുമായി ധാരണാപത്രവും മന്ത്രി കൈമാറി.

# വയോജനങ്ങളുടെ അന്തസ്സും ക്ഷേമവും ഉറപ്പാക്കും

**തിരുവനന്തപുരം:** കേരളത്തിലെ മുതിർന്ന പൗരന്മാരുടെ അന്തസ്സും ക്ഷേമവും സജീവ പങ്കാളിത്തവും ഉറപ്പാക്കുമെന്നും ഇതിനായി വയോജനസൗഹൃദ സമൂഹത്തെ വളർത്തിയെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്നും സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു പറഞ്ഞു. മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള പരിഷ്കരിച്ച നയം സംസ്ഥാന മന്ത്രിസഭായോഗം അംഗീകരിച്ചതായും സെക്രട്ടേറിയറ്റ് പി ആർ ചേമ്പറിൽ നടന്ന വാർത്താ സമ്മേളനത്തിൽ മന്ത്രി അറിയിച്ചു. ആരോഗ്യപൂർണ്ണവും സന്തോഷകരവുമായ വാർദ്ധക്യം (Healthy and Happy Aging) എന്ന ആശയമാണ് നയം മുന്നോട്ട് വയ്ക്കുന്നത്.

ആരോഗ്യ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട്, ശയാവലംബികളായ വയോജനങ്ങൾക്ക് വീടുകളിൽ തന്നെ പരിചരണം ഉറപ്പാക്കുന്ന പദ്ധതികൾ വിപുലീകരിക്കും. തദ്ദേശ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ പാലിയേറ്റീവ് സംവിധാനം ശക്തിപ്പെടുത്തും. മറവിരോഗം നേരിടാൻ പഞ്ചായത്തുകളിൽ മെമ്മറി ക്ലിനിക്കുകൾ ആരംഭിക്കും. ജെറിയാട്രിക് (വാർദ്ധക്യകാല ചികിത്സ) രംഗത്ത് കൂടുതൽ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. വയോജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി നിയമനടപടികൾ കർശനമാക്കും. മുതിർന്നവർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ ഫാസ്റ്റ് ട്രാക്ക് കോടതികൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പരിഗണനയിലുണ്ട്. കൂടാതെ, സാമൂഹ്യ ക്ഷേമ പെൻഷനുകളും കുറഞ്ഞ നിരക്കിലുള്ള ഇൻഷുറൻസ് പദ്ധതികളും സാർവ്വത്രികമാക്കും. ബാങ്കിം



ഗ് ഇടപാടുകൾക്കും മറ്റും സഹായകമാകുന്ന രീതിയിൽ വയോജനങ്ങൾക്ക് ഡിജിറ്റൽ സാങ്കേതികവിദ്യയിൽ പരിശീലനം നൽകും. പൊതു ഇടങ്ങൾ, കെട്ടിടങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, ഗതാഗത സംവിധാനങ്ങൾ എന്നിവ വയോജന സൗഹൃദമാക്കും. ആദിവാസികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ വയോജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകും. മുതിർന്നവരുടെ അറിവും അനുഭവസമ്പത്തും പുതിയ തലമുറയ്ക്ക് പകർന്നു നൽകുന്നതിനും, തലമുറകൾ തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കും. വയോജനങ്ങളെ പരിചരിക്കുന്നവർക്ക് ശാസ്ത്രീയമായ പരിശീലനം നൽകുമെന്നും സാമൂഹിക പരിചരണ കേന്ദ്രങ്ങൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

# കേരളത്തിന്റെ 'ഇലക്ട്രോണിക് സിറ്റി'യായി പെരുമ്പാവൂർ മാറും : മന്ത്രി പി. രാജീവ്



**കൊച്ചി:** കേരളത്തിന്റെ 'ഇലക്ട്രോണിക് സിറ്റി'യായി പെരുമ്പാവൂർ മാറുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ്. പെരുമ്പാവൂർ വല്ലത്തെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ പ്രവർത്തനമാരംഭിച്ച കെയ്ൻസ് ടെക്നോളജിസിന്റെ ആദ്യ ഉൽപാദന യൂണിറ്റിന്റെ ഉദ്ഘാടനവും അടുത്ത ഘട്ടത്തിന്റെ ശിലാസ്ഥാപനവും നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇലക്ട്രോണിക് നഗരമായി മാറാനുള്ള പെരുമ്പാവൂരിന്റെ യാത്രയുടെ തുടക്കമാണ് ഇവിടെ നടന്നത്. അഭിമാനകരമായ നിമിഷം ആണിത്. 25 വർഷങ്ങളായി അടഞ്ഞുകിടന്ന ട്രാവൻകൂർ റയോൺസിൽ ഇത്തരം ഒരു മാറ്റം വരുമെന്ന് വരുമെന്ന് നാട്ടുകാർ വരെ വിശ്വസിച്ചിരുന്നില്ല. പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാനുള്ള ഒരു ഭരണകൂടത്തിന്റെ ഇച്ഛാശക്തിയാണ് ഇവിടെ തെളിയുന്നത്.

മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വപരമായ ഇടപെടൽ വഴിയാണ് റയോൺസിന്റെ 30 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് ലഭ്യമായത്. അവിടെയാണ് ഇപ്പോൾ ഇന്ത്യയിലെ പ്രമുഖ ഇലക്ട്രോണിക്സ് സിസ്റ്റം ആൻഡ് ഡിസൈൻ മാനുഫാക്ചറിംഗ് കമ്പനിയായ കെയ്ൻസ് ടെക്നോളജി പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. 350 കോടിയുടെ നിക്ഷേപമാണ് കമ്പനി നടത്തുന്നത്. ഒരു സംരംഭത്തിന്റെ ശിലാസ്ഥാപനത്തോട് അനുബന്ധിച്ച് തന്നെ ഉൽപ്പന്നങ്ങൾ പുറത്തിറക്കാൻ കഴിയുന്നു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. റയോൺസിൽ നിലവിലുണ്ടായിരുന്ന ഒരു കെട്ടിടസമുച്ചയം നവീകരിച്ചാണ് ആദ്യ പ്രൊഡക്ഷൻ യൂണിറ്റ് ഒരുക്കിയത്. ഇവിടെ നിന്ന് 100 കമ്പ്യൂട്ടറുകളാണ് ആണ് പുറത്തിറക്കിയത്. വിപുലമായ ക്രമീകരണങ്ങളോടെയുള്ള അടുത്ത യൂണിറ്റിന്റെ നിർമ്മാണം എട്ടുമാസത്തിനുള്ളിൽ പൂർത്തീകരിക്കും. അതിന്റെ തുടർച്ചയിൽ മറ്റൊരു യൂണിറ്റ് കൂടി വരും.

2025 ഫെബ്രുവരിയിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായാണ് ഇത്തരത്തിൽ ഒരു വലിയ നിക്ഷേപം സാധ്യമായത്. റയോൺസിന്റെ ഭാഗമായ 15 ഏക്കർ ഭൂമി കൂടി കിൻഫ്രക്ക് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായും മന്ത്രി പറഞ്ഞു. വ്യവസായങ്ങൾ വരുമ്പോൾ ഒരു നാടിന്റെ വളർച്ച കൂടി സാധ്യമാകും. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് വഴി നാട്ടിലെ കുട്ടികൾക്ക് പുറത്തുപോകാതെ ഇവിടെ ജോലി ചെയ്യാനുള്ള സാഹചര്യം ഒരുങ്ങും. റിവേഴ്സ് മൈഗ്രേഷന്റെ കാലമാണ് ഇതെന്നും കൂടുതൽ വ്യവസായങ്ങൾക്കും സംരംഭങ്ങൾക്കും അവസരം ഒരുക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ എ.ഐ ക്യാമറ നിർമ്മാണവുമായി ബന്ധപ്പെട്ട് കെൽട്രോണും കെയ്ൻസ് ടെക്നോളജീസും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു. പെരുമ്പാവൂർ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ നടന്ന ചടങ്ങിൽ എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ അധ്യക്ഷത വഹിച്ചു. പെരുമ്പാവൂർ നഗരസഭ ചെയർപേഴ്സൺ കെ.എൻ സംഗീത, വൈസ് ചെയർമാൻ ബിജു ജോൺ ജേക്കബ്, മുൻ എം.എൽ.എ സാജു പോൾ, കെൽട്രോൺ എം.ഡി വൈസ് അഡ്മിറൽ ശ്രീകുമാർ നായർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, നഗരസഭ കൗൺസിലർമാരായ വി.പി ബാബു, ഷാജി കുന്നത്താൻ, നജീബ്, കെയ്ൻസ് ഫൗണ്ടർ രമേശ് കുഞ്ഞിക്കണ്ണൻ, ചെയർപേഴ്സൺ സവിത രമേശ്, എം.ഡി ഡോ. മുത്തുകുമാർ നാരായണ സ്വാമി, പ്രസിഡന്റ് കെ വിശ്വനാഥൻ, സീനിയർ വൈസ് പ്രസിഡന്റ് ദീപക് സ്ലീബ ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

### എറണാകുളം മെഡിക്കൽ കോളേജിന് ബി.പി.സി.എല്ലിന്റെ കൈത്താങ്ങ്

# 91 ലക്ഷത്തിന്റെ അത്യാധുനിക ഉപകരണങ്ങൾക്ക് സാമ്പത്തിക സഹായം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായവുമായി ബി.പി.സി.എൽ കൊച്ചി റിഫൈനറി. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിക്ക് പുതിയ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 91,02,693 രൂപ ബി.പി.സി.എൽ. അനുവദിച്ചു. ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിലേക്ക് അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായാണ് ഈ നടപടി.

ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിലേക്ക് കോഗുലേഷൻ അനലൈസർ (ROTEM), മൈക്രോബയോളജി വിഭാഗത്തിലേക്ക് ട്രൂനാറ്റ് പി.സി.ആർ. മെഷീൻ (Quattro), അനുബന്ധ ടെസ്റ്റ് കിറ്റുകൾ, ഡെർമറ്റോളജി വിഭാഗത്തിലേക്ക് ഫ്രാക്ഷണൽ CO2 ലേസർ, ഡയോഡ് ലേസർ, മോണോക്രോമാറ്റിക് ഡഢആ തെറാപ്പി യൂണിറ്റ്, ഡെർമ ചെയർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിന് ഈ




ഫണ്ട് ഉപയോഗിക്കും. ഡെർമറ്റോളജി വിഭാഗത്തിലേക്ക് വാങ്ങുന്ന ലേസർ മെഷീനുകൾ പുതിയതായി ആരംഭിക്കുന്ന കോസ്മറ്റോളജി ക്ലിനിക്കൽ ആയിരിക്കും ഉപയോഗിക്കുന്നത്.

## ജെ.എസ്.എസ് എറണാകുളം ജില്ലാ സമ്മേളനം

**കൊച്ചി:** ജെ.എസ്.എസ് എറണാകുളം ജില്ലാ സമ്മേളനം ഫെബ്രുവരി 15 ന് എറണാകുളത്ത് നടക്കും. മഹാകവി ജി ഓഡിറ്റോറിയത്തിൽ രാവിലെ 10 ന് നടക്കുന്ന സമ്മേളനം ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ അഡ്വ. എ. എൻ രാജൻ ബാബു ഉദ്ഘാടനം ചെയ്യും. യുഡിഎഫ് ജില്ലാ ചെയർമാൻ ഡൊമിനിക് പ്രസന്റേഷൻ, ഡി.സി.സി പ്രസിഡന്റ് അഡ്വ. മുഹമ്മദ് ഷിയാസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പ്രസിഡന്റ് മധു അയ്യമ്പിള്ളി അധ്യക്ഷത വഹിക്കും. ഉച്ചയ്ക്ക് ഒരു മണി മുതൽ പ്രതിനിധി സമ്മേളനവും തിരഞ്ഞെടുപ്പും നടക്കും.

## സംസ്കൃതസർവ്വകലാശാലയിൽ ശിൽപ്പശാല 16ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ശിൽപ്പശാല ഫെബ്രുവരി 16ന് കാലടി മുഖ്യ കാമ്പസിലുള്ള യൂട്ടിലിറ്റി സെന്ററിലെ സെമിനാർ ഹാളിൽ രാവിലെ 10.30ന് ആരംഭിക്കും. വൈസ് ചാൻസലർ പ്രൊഫ. കെ.കെ. ഗീതാകുമാരി ശിൽപ്പശാല ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റ് അംഗവും രൂപകൽപ്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിന്റെ ഗവേണിംഗ് കൗൺസിൽ ചെയർ പേഴ്സണുമായ ആർ. അജയൻ അധ്യക്ഷനായിരിക്കും. കേരള സ്റ്റാർട്ട് അപ് മിഷൻ അസിസ്റ്റന്റ് മാനേജർ എം. കൃഷ്ണകുമാർ ക്ലാസ് നയിക്കും.

## എൽ.ബി.എസ് കോഴ്സുകൾ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കളമശ്ശേരി എൽ.ബി.എസ് സെന്ററിൽ അടുത്ത മാസം ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സോഫ്റ്റ്വെയർ), ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു ആണ് യോഗ്യത. കൂടുതൽ വിവരങ്ങൾക്ക് www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 0484-2541520, 9447211055, 9495790574

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ വിവിധ വാർഡുകളിലേക്ക് ആവശ്യമായ 'ബി ടൈപ്പ് നൈട്രസ് ഓക്സൈഡ്' സിലിറുകൾ റീഫിൽ ചെയ്തു നൽകുന്നതിന് ടെൻഡർ ക്ഷണിച്ചു.ഫെബ്രുവരി 21 വരെ ടെൻഡറുകൾ സമർപ്പിക്കാം. ഫോൺ : 0484-2783495

## സൗജന്യ പവർ ഇലക്ട്രോണിക്സ് കോഴ്സ്

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ഒബിസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി സൗജന്യ പവർ ഇലക്ട്രോണിക്സ് സർവീസ് ടെക്നീഷ്യൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു (സയൻസ്), ഐടിഐ അല്ലെങ്കിൽ ഡിപ്ലോമ യോഗ്യതയുള്ള 18നും 45നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ളവർ രജിസ്റ്റർ ചെയ്യേണ്ടതാണ്.ഫോൺ : 9495999675

## പി.എസ്.സി പ്രായോഗിക പരീക്ഷ

**കൊച്ചി:** എറണാകുളം ജില്ലയിൽ വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് കക, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ഡയറക്ട് ആന്റ് ബയ് ട്രാൻസ്ഫർ) (കാറ്റഗറി നമ്പർ 621/2024 ആന്റ് 622/2024) തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായുള്ള പ്രായോഗിക പരീക്ഷ ഫെബ്രുവരി 17 മുതൽ 24 വരെയുള്ള തീയതികളിൽ കളമശ്ശേരി ഡി എച്ച് ക്യു ക്യാമ്പ് പോലീസ് പരേഡ് ഗ്രൗണ്ടിൽ നടക്കും. ഉദ്യോഗാർത്ഥികൾ തങ്ങൾക്ക് അനുവദിച്ചിട്ടുള്ള തീയതിയിൽ പരീക്ഷാ കേന്ദ്രത്തിൽ രാവിലെ 5.30 ന് അഡ്മിഷൻ ടിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഹാജരാകേണ്ടതാണ്.

## പ്രബന്ധരചനാമത്സരം

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കെ. സരസ്വതിയമ്മ അനുസ്മരണ സംഘാടനസമിതിയുടെ സഹകരണത്തോടെ പ്രബന്ധരചനാമത്സരം സംഘടിപ്പിക്കുന്നു. 'കെ. സരസ്വതിയമ്മ കൃതികളിലെ പെൺലോകങ്ങൾ' എന്ന വിഷയത്തിലാണ് മത്സരം. സംസ്ഥാനത്തെ കോളജ്, സർവ്വകലാശാല വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പങ്കെടുക്കാം. പ്രബന്ധങ്ങൾ 1500 വാക്കിൽ കുറയാതെയും ഗവേഷണരീതിശാസ്ത്രം പാലിച്ചും യൂണിക്കോഡ് ഫോർമാറ്റിൽ തയ്യാറാക്കിയതായിരിക്കണം. ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്ന പ്രബന്ധങ്ങൾക്ക് യഥാക്രമം 3000, 2000, 1000 രൂപയും സർട്ടിഫിക്കറ്റുകളും നൽകും. വകുപ്പ് മേധാവിയുടെ സാക്ഷ്യപത്രത്തോടൊപ്പം പ്രബന്ധങ്ങൾ sangeetapp1976@gmail.com എന്ന ഇമെയിൽ വിലാസത്തിൽ പി.ഡി.എഫ്. ഫോർമാറ്റിൽ അയയ്ക്കണം. പ്രബന്ധങ്ങൾ സ്വീകരിക്കുന്ന അവസാനതീയതി ഫെബ്രുവരി 25.

## ഡിസൈൻ അൺഫിൽട്ടേർഡ് : ആറാം പതിപ്പ് കൊച്ചിയിൽ സംഘടിപ്പിച്ചു

**കൊച്ചി:** ആർക്കിടെക്ചർ, ഡിസൈൻ കോൺഫറൻസായ ഡിസൈൻ അൺഫിൽട്ടേർഡിന്റെ ആറാം പതിപ്പ് കൊച്ചിയിൽ നടന്നു. ഇന്ത്യയിലുടനീളമുള്ള ആർക്കിടെക്ചർ വിദ്യാർത്ഥികളും യുവ പ്രൊഫഷണലുകളും പങ്കെടുത്ത പരിപാടിയിൽ നിർമ്മാണവസ്തുക്കളെ കുറിച്ചുള്ള ധാരണ, പ്രാദേശികമായ അറിവ് എന്നിവ ചർച്ച ചെയ്തു. 26 നഗരങ്ങളിലായി നടക്കുന്ന ഡിസൈൻ അൺഫിൽട്ടേർഡിന്റെ കൊച്ചി എഡിഷൻ ക്യൂറേറ്റ് ചെയ്തത് ഓക്സ്ഫോർഡ് ബ്രൂക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് ആർക്കിടെക്ചറിൽ ബിരുദാനന്തര ബിരുദം നേടിയ ആർക്കിടെക്റ്റ് കൊച്ചുതൊമ്മൻ മാത്യുവാണ്. ആർക്കിടെക്ചറിന്റെയും ഡിസൈനിന്റെയും നൂതന പ്രവണതകൾ ചർച്ച ചെയ്യുന്ന പ്ലാറ്റ്ഫോമാണ് ഡിസൈൻ അൺഫിൽട്ടേർഡ്. 2026 ൽ ഇരുപത്തിയാറ് നഗരങ്ങളിൽ കോൺഫറൻസ് സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് കൊച്ചിയിൽ ഡിസൈൻ അൺഫിൽറ്റേർഡ് സംഘടിപ്പിച്ചത്. കോൺഫെറൻസിൽ മെറ്റീരിയൽ, മണി, മൈൻഡ്സെറ്റ് എന്നീ വിഷയങ്ങളിൽ പാനൽ ചർച്ചകൾ നടന്നു.

## എൻ.എസ്.ഇ. ഐ.പി.ഒ.കമ്മറ്റി പുനഃസംഘടിപ്പിച്ചു

**കൊച്ചി:** ലിസ്റ്റിംഗ് പ്രക്രിയ നയിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഐ.പി.ഒ. കമ്മിറ്റി പുനഃസ്ഥാപിച്ച് എൻ.എസ്.ഇ. ഐ.പി.ഒ. ഭരണ ചട്ടക്കൂട് ശക്തിപ്പെടുത്തി. പുനഃസംഘടിപ്പിച്ച ഐ.പി.ഒ. കമ്മിറ്റിയിൽ തബ്ലേഷ് പാണ്ഡെ ചെയർപേഴ്സണും ശ്രീനിവാസ് ഇഞ്ചെറ്റി, പ്രൊഫ. (ഡോ.) മമത ബിസ്വാൾ, ജസ്റ്റിസ് (റിട്ട.) അഭിലാഷ കുമാരി, പ്രൊഫ. ജി. ശിവകുമാർ, ആശിഷ്കുമാർ ചൗഹാൻ എന്നിവർ ഡയറക്ടർമാരുമായിരിക്കും.

റെഗുലേറ്ററി അംഗീകാരങ്ങൾക്ക് വിധേയമായി, കൽക്കരി എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിനായി എൻ.എസ്.ഇ.യുടെ ബോർഡ് അംഗീകാരം നൽകി. കോർപ്പറേറ്റ് കാര്യ മന്ത്രാലയം അംഗീകരിച്ച പ്രകാരം നാഷണൽ കോൾ എക്സ്ചേഞ്ച് / ഭാരത് കോൾ എക്സ്ചേഞ്ച് / ഇന്ത്യ കോൾ എക്സ്ചേഞ്ച് എന്ന് പേരിടാം. 2025 ലെ നിർദിഷ്ട കൽക്കരി ചട്ടങ്ങൾക്ക് അനുസൃതമായിരിക്കും. എൻ.എസ്.ഇ. നിർദിഷ്ട കൽക്കരി എക്സ്ചേഞ്ച് സബ്സിഡിയറിയിൽ 100 കോടി രൂപ വരെ മൂലധന ഇൻഫ്യൂഷനും അംഗീകരിച്ചു.

## പ്രണയദിനമധുരം പങ്കിടാൻ സപ്ലൈകോയും

**കൊച്ചി:** വാലന്റൈൻസ് ഡേ ആയ ഫെബ്രുവരി 14 ന് സപ്ലൈകോയിൽ നിന്നും 14 രൂപയ്ക്ക് പഞ്ചസാര വാങ്ങാം. ഫെബ്രുവരി 14 ന് ആയിരം രൂപയ്ക്ക് മുകളിൽ സബ്സിഡിയിതര ഉത്പന്നങ്ങൾ വാങ്ങുന്നവർക്ക് ഒരു കിലോ പഞ്ചസാര 14 രൂപയ്ക്ക് ലഭിക്കും. നിലവിൽ 43.50 രൂപയാണ് ഒരു കിലോ പഞ്ചസാരയുടെ വിപണിവില. അഞ്ഞൂറ് രൂപയ്ക്ക് മുകളിൽ സബ്സിഡിയിതര ഉത്പന്നങ്ങൾ വാങ്ങുന്നവർക്ക് 14 രൂപയ്ക്ക് അരക്കിലോ പഞ്ചസാരയാണ് ലഭിക്കുക. ഓഫർ ഫെബ്രുവരി 28 വരെയുണ്ട്.

## ഇലക്ട്രിക് വെഹിക്കിൾ സർവീസ് ടെക്നീഷ്യൻ കോഴ്സ്

**കൊച്ചി:** തവനൂർ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഇലക്ട്രിക് വെഹിക്കിൾ സർവീസ് ടെക്നീഷ്യൻ കോഴ്സിലേക്ക് പ്രവേശനം ആരംഭിച്ചു. കേന്ദ്ര സർക്കാർ ഏജൻസിയായ എൻ.എസ്.ഡി.സി അംഗീകാരമുള്ള ഈ കോഴ്സ്, ഇലക്ട്രിക് വാഹന മേഖലയിൽ തൊഴിൽ ആഗ്രഹിക്കുന്നവർക്ക് വലിയൊരു അവസരമാണ് നൽകുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 100 ശതമാനം സ്കോളർഷിപ്പോടെ ഈ കോഴ്സ് സൗജന്യമായി പഠിക്കാൻ സാധിക്കും. ഐ.ടി.ഐ, ഡിപ്ലോമ, ബി.ടെക് അല്ലെങ്കിൽ പ്ലസ് ടു കഴിഞ്ഞവർക്ക് ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. താൽപ്പര്യമുള്ളവർ 2026 ഫെബ്രുവരി 23ന് മുൻപായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. താൽപ്പര്യമുള്ളവർ https://forms.gle/WbFPzassFs6QBUR36 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ: 9495999658

## ലാങ് ലാബ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ എഫ്. വൈ. യു. ജി. പി. സ്റ്റുഡന്റ്സ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ലാങ് ലാബിന്റെ ഉദ്ഘാടനം രജിസ്ട്രാർ ഡോ. മോത്തി ജോർജ് നിർവ്വഹിച്ചു. ഡോ. ജോസ് ആന്റണി അധ്യക്ഷനായിരുന്നു. സോഷ്യൽ വർക്ക് വിഭാഗത്തിലെ നാല് വർഷ ബിരുദ വിദ്യാർത്ഥികളെ നൈപുണ്യ വികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന ഈ പ്രോഗ്രാമിൽ 50 മണിക്കൂർ ഇംഗ്ലീഷ് ഭാഷാപരിശീലനമാണ് നൽകുന്നത്.

# ജെസിബി പുതിയ 30 ഇസഡ് മിനി എക്സ്കവേറ്റർ പുറത്തിറക്കി



**കൊച്ചി:** നിർമ്മാണ മേഖലകളിലെ ചെറിയ ഇടങ്ങളിലും കാർഷിക ആവശ്യങ്ങൾക്കും പരമാവധി പ്രവർത്തനക്ഷമത കൈവരിക്കും വിധം രൂപകൽപ്പന ചെയ്തിരിക്കുന്ന 30 ഇസഡ് മിനി എക്സ്കവേറ്റർ ജെസിബി ഇന്ത്യ പുറത്തിറക്കി. നഗര പ്രദേശങ്ങളിലെ ഇടുങ്ങിയ സ്ഥലങ്ങളിലും പരിമിതമായ തൊഴിൽ മേഖലകളിലും ഉയർന്ന കാര്യക്ഷമത ഉറപ്പാക്കുക, പ്രവർത്തന സമയത്ത് യന്ത്രത്തിന്റെ പിൻഭാഗം പുറത്തേക്ക് നീണ്ടുനിൽക്കാത്ത സീറോ ടെയിൽ സ്വിംഗ് സംവിധാനം, നഗര നിർമ്മാണം, ഡ്രൈനേജ് ജോലികൾ, ലാൻഡ്സ്കപ്പിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയവ നടത്തുന്ന ഇടം കുറവുള്ള പ്രദേശങ്ങളിൽ സുരക്ഷിതമായി പ്രവർത്തിക്കുക, 100% സ്റ്റീൽ ബോഡിയിൽ നിർമ്മിച്ചിരിക്കുന്നതിനാൽ ദൃഢതയും ദീർഘായുസ്സും ഉറപ്പാക്കുന്നു, ഉയർന്ന പ്രകാശശേഷിയുള്ള എൽഇഡി ഹെഡ് ലാമ്പുകൾ ഘടിപ്പിച്ചിട്ടുള്ളതുകൊണ്ട് രാത്രിയിലും പ്രകാശം കുറഞ്ഞ സാഹചര്യങ്ങളിലും സുഗമമായി പ്രവർത്തിക്കാനാകുന്നു, ഒരു മണിക്കൂറിൽ രണ്ടര ലിറ്റർ ഡീസലെന്ന ഉയർന്ന ഇന്ധനക്ഷമത എന്നിവ 30 ഇസഡിന്റെ സവിശേഷതകളാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

30 ലക്ഷം വില വരുന്ന ഈ മിനി എക്സ്കവേറ്ററിന് നാലു വർഷത്തെ വാറിയും കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്. കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന പോപ്പുലർ മോട്ടോഴ്സ് കോർപ്പറേഷനാണ് കേരളത്തിലെ വിതരണക്കാർ. കൊച്ചിയിൽ നടന്ന ചടങ്ങിൽ പോപ്പുലർ എംഡി തോമസ് സാജു സംസ്ഥാനതല വിപണനോദ്ഘാടനം നിർവഹിച്ചു. ജെസിബി ഇന്ത്യ ദേശീയ മേധാവി അരുൺ അവിനാശിലിംഗം, സി ഇ ഒ എ സംസ്ഥാന സെക്രട്ടറി സമീർ ബാബു എന്നിവർ സന്നിഹിതരായിരുന്നു.

# ഇലക്ട്രോണിക് ഒപ്പിലൂടെ എഫ്പിഐ രജിസ്ട്രേഷനും അക്കൗണ്ട് തുറക്കലും ആരംഭിച്ച് കൊട്ടക്

kotak
Kotak Mahindra Bank

**കൊച്ചി:** വിദേശ പോർട്ട്ഫോളിയോ നിക്ഷേപകരുടെ (എഫ്പിഐ) രജിസ്ട്രേഷനും അക്കൗ തുറക്കലും ഇലക്ട്രോണിക് ഒപ്പുകൾ വഴി നടത്തുന്നതിനുള്ള സൗകര്യം ആരംഭിച്ച ഇന്ത്യയിലെ ആദ്യ കസ്റ്റോഡിയനായി കൊട്ടക് മഹീന്ദ്ര ബാങ്ക് മാറി. ഡിജിറ്റൽ ഒപ്പുകൾ ഉപയോഗിച്ച് ബാങ്ക് ഇതിനകം രണ്ട് എഫ്.പി.ഐ ലൈസൻസുകൾ അനുവദിച്ചതായി കൊട്ടക് മഹീന്ദ്ര ബാങ്ക് പ്രസിഡന്റ് (ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് ഗ്രൂപ്പ്) സച്ചിൻ സമത് പറഞ്ഞു. സെബിയുടെ ഡിജിറ്റൽ പരിവർത്തന പദ്ധതിയോട് പൊരുത്തപ്പെടുന്നതാണ് ഈ നീക്കം.

വെറ്റ് സിഗ്നേച്ചറുകളുടെ ആവശ്യകത ഒഴിവാക്കുന്നതിലൂടെ പ്രവർത്തന കാര്യക്ഷമതയും സുരക്ഷയും വർധിപ്പിക്കാനും വിദേശ നിക്ഷേപകർക്ക് ലളിതമായ അനുഭവം നൽകാനും ഇത് സഹായിക്കും. ഡിജിറ്റൽ ഒപ്പുകൾ വഴി എഫ്.പി.ഐ രജിസ്ട്രേഷനും ക്ലയന്റ് ഓൺബോർഡിംഗും സാധ്യമാക്കുന്നതിലൂടെ ഇന്ത്യയുടെ പേപ്പർലെസ് ക്യാപിറ്റൽ മാർക്കറ്റ് സംവിധാനത്തിലേക്കുള്ള മാറ്റം വേഗത്തിലാക്കുകയാണ് കൊട്ടക്കെന്ന് സച്ചിൻ സമത് പറഞ്ഞു. 2026 ജനുവരിയിൽ സെബി എഫ്.പി.ഐകൾക്കായി കോമൺ അപ്ലിക്കേഷൻ ഫോം (സിഎഎഫ്) പോർട്ടലിൽ ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റുകളും (ഡിഎസ്സി) ഇലക്ട്രോണിക് ഒപ്പുകളും അനുവദിക്കുന്ന ഏകീകൃത സംവിധാനത്തിന് തുടക്കം കുറിച്ചിരുന്നു. ഇൻഫർമേഷൻ ടെക്നോളജി ആക്ട്, 2000 പ്രകാരം അംഗീകൃത ഇന്ത്യൻ സർട്ടിഫൈയിംഗ് അതോറിറ്റികളിൽ നിന്നായിരിക്കണം ഡിഎസ്സി നൽകേണ്ടതെന്ന് സെബി വ്യക്തമാക്കിയിട്ടുണ്ട്.

# ഇൻഫോപാർക്ക് തൃശൂർ ഷട്ടിൽ ബാഡ്മിന്റൺ ടൂർണമെന്റ് സമാപിച്ചു

**തൃശ്ശൂർ:** ഇൻഫോപാർക്ക് തൃശ്ശൂരിലെ ഐടി ജീവനക്കാരുടെ കൂട്ടായ്മയായ ഇൻഫോപാർക്ക് തൃശ്ശൂർ ടെക്കീസ് ക്ലബ്ബിന്റെ (ഐടിടിസി) ആഭിമുഖ്യത്തിൽ ജീവനക്കാർക്കായി സംഘടിപ്പിച്ച ഷട്ടിൽ ബാഡ്മിന്റൺ ടൂർണമെന്റ് സമാപിച്ചു. മെൻസ് ഡബിൾസ്, വുമൺസ് ഡബിൾസ്, മിക്സഡ് ഡബിൾസ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് മത്സരങ്ങൾ ക്രമീകരിച്ചിരുന്നത്. പുരുഷവിഭാഗം ഡബിൾസിൽ സ്ട്രാൻഡ്സ് എനർജിയിലെ വിഷ്ണു ദാസ്, അഖിൽ എന്നിവർ ജേതാക്കളായപ്പോൾ ജി.ആർ8 ഗ്ലോബലിലെ അമൽ തോമസ്, അമൽ സഖ്യം റണ്ണേഴ്സ് അപ്പായി. വനിതാ വിഭാഗം ഡബിൾസ് വിഭാഗത്തിൽ ക്യൂബേസ്റ്റിലെ ധേനുക, സ്നേഹ എന്നിവർ ഒന്നാം സ്ഥാനവും ആർ.ഡി.എസിലെ ശരണ്യ, ആസിയ എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

ഏറെ ആവേശം നിറഞ്ഞ മിക്സഡ് ഡബിൾസ് മത്സരത്തിൽ ക്യൂബേസ്റ്റിലെ നിതീഷ്, ധേനുക സഖ്യം വിജയികളായപ്പോൾ സ്ട്രാൻഡ്സ് എനർജിയിലെ അഖിൽ, നയന സഖ്യത്തിനാണ് രണ്ടാം സ്ഥാനം. കൊരട്ടി ഗോളോ ഗോൾ സ്പോർട്സ് ഹബ്ബിൽ നാല് ദിവസങ്ങളിലായാണ് മത്സരങ്ങൾ അരങ്ങേറിയത്. ഇൻഫോപാർക്കിലെ വിവിധ കമ്പനികളിൽ നിന്നായി എഴുപതോളം ടീമുകൾ മത്സരങ്ങളിൽ പങ്കെടുത്തു. വിജയികൾക്ക് ട്രോഫികളും ക്യാഷ് പ്രൈസും സമ്മാനിച്ചു. ടെക്കികൾക്കിടയിൽ കായികക്ഷമത വളർത്തുക, മാനസിക സമ്മർദ്ദം ലഘൂകരിക്കുക, ജോലിത്തിരക്കുകൾക്കിടയിൽ സൗഹൃദം വളർത്തിയെടുക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിറുത്തിയാണ് കായിക മത്സരങ്ങൾ സംഘടിപ്പിച്ചു വരുന്നത്.

ഐടിടിസി പ്രസിഡന്റ് ജോസാന്റോ തോമസ്, സെക്രട്ടറി സൂരജ് ആർ എ, ട്രഷറർ ജോമി ജോൺസൺ, സംഘാടക സമിതി അംഗങ്ങളായ വിഷ്ണു ദാസ്, അഖിൽ, നിക്സൺ, അഭിജിത്ത് എം തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു മത്സരപരിപാടികൾ സംഘടിപ്പിച്ചത്. ഭാവിയിൽ ജീവനക്കാർക്കായി കൂടുതൽ വൈവിധ്യമാർന്ന വിനോദകായിക മത്സരങ്ങൾ സംഘടിപ്പിക്കുമെന്ന് ഐടിടിസി ക്ലബ്ബ് ഭാരവാഹികൾ അറിയിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# അത്യാധുനിക മൊബൈൽ മെഡിക്കൽ ക്ലിനിക്കുമായി ആസ്റ്റർ വോളന്റിയേഴ്സ്




**തിരുവനന്തപുരം:** ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ ആഗോള സാമൂഹിക സേവന വിഭാഗമായ ആസ്റ്റർ വോളന്റിയേഴ്സ്, ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലുമായി സഹകരിച്ച് പുതിയ മൊബൈൽ മെഡിക്കൽ സർവീസ് യൂണിറ്റ് ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ ആരോഗ്യസൗകര്യങ്ങൾ കുറഞ്ഞ ഒറ്റപ്പെട്ട ഗ്രാമീണ മേഖലകളിലും ജനങ്ങൾക്കും അത്യാധുനിക വൈദ്യസഹായം നേരിട്ടെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ യൂണിറ്റ് കൂടി പ്രവർത്തനസജ്ജമാകുന്നതോടെ ഇന്ത്യയിലുടനീളമുള്ള ആസ്റ്ററിന്റെ മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ എണ്ണം 48 ആയി ഉയർന്നു. അത്യാധുനിക മൾട്ടിസ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ഏവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യവുമായി ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ ആസ്റ്റർ ക്യാപിറ്റൽ ഹോസ്പിറ്റൽ ഉടൻ തന്നെ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിക്കും.

നിലവിലെ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും കമ്മ്യൂണിറ്റി സംരംഭങ്ങളും താഴെത്തട്ടിലുള്ളവർക്കും പ്രതിരോധ ആരോഗ്യ സംരക്ഷണത്തിനും ഊന്നൽ നൽകുമ്പോൾ, ആസ്റ്റർ ക്യാപിറ്റൽ ഒരു സമഗ്ര ടെർഷ്യറി കെയർ ഹബ്ബായി പ്രവർത്തിക്കുകയും തിരുവനന്തപുരത്തിന്റെ ആരോഗ്യ പരിരക്ഷാ സംവിധാനത്തെ ശക്തിപ്പെടുത്തുകയും ചെയ്യും. സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന ചടങ്ങിൽ റവന്യൂഭവനനിർമാണ വകുപ്പ് മന്ത്രി കെ. രാജൻ മൊബൈൽ മെഡിക്കൽ യൂണിറ്റ് ഫ്ളാഗ് ഓഫ് ചെയ്തു. കൊച്ചി ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ്, ശാന്തിഭവൻ പാലിയേറ്റീവ് കെയർ ഹോസ്പിറ്റലിന്റെ സിഇഒ ഫാ. ജോയ് കൂത്തൂർ എന്നിവർ ചടങ്ങിൽ സന്നിഹിതനായിരുന്നു. രോഗികൾക്കുള്ള കാത്തിരിപ്പ് കേന്ദ്രവും രജിസ്ട്രേഷൻ ഡെസ്ക്, പ്രാഥമിക ആരോഗ്യ വിവരങ്ങൾ ശേഖരണ കേന്ദ്രം, റഫ്രിജറേറ്റഡ് സ്റ്റോറേജ് സൗകര്യമുള്ള മിനി ലാബ്, മരുന്നുകൾ സൂക്ഷിക്കാനും വിതരണം ചെയ്യാനുമുള്ള സംവിധാനം, ജനറൽ പ്രാക്ടീഷണർമാർക്കായുള്ള കൺസൾട്ടേഷൻ റൂം, ആരോഗ്യ വിദ്യാഭ്യാസബോധവൽക്കരണ പരിപാടികൾ എന്നീ സൗകര്യങ്ങൾ അടങ്ങിയതാണ് മൊബൈൽ യൂണിറ്റ്.

ആരോഗ്യസേവനങ്ങൾ ലഭിക്കാൻ പ്രയാസമുള്ള മേഖലകളിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകളിലൂടെയും ദുരന്തനിവാരണ പ്രവർത്തനങ്ങളിലൂടെയും മികച്ച ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുന്ന സിഎസ്ആർ സംരംഭമാണ് ആസ്റ്റർ വോളന്റിയേഴ്സ് മൊബൈൽ മെഡിക്കൽ സർവീസ് . ഇതുവരെ ഇന്ത്യ, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലായി 25 ലക്ഷത്തിലധികം ആളുകൾക്ക് ഈ പദ്ധതിയിലൂടെ സേവനം ലഭിച്ചിട്ടുണ്ട്. മതിയായ ചികിത്സാ സൗകര്യങ്ങളില്ലാത്ത പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഇതിലൂടെ സാധിച്ചു. നിലവിൽ കേരളം, കർണാടക, മഹാരാഷ്ട്ര, രാജസ്ഥാൻ, ബീഹാർ, ഹരിയാന, ജാർഖണ്ഡ്, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ആന്ധ്രാപ്രദേശ്, ഉത്തരാഖണ്ഡ്, ഒഡീഷ, തമിഴ്നാട്, പശ്ചിമ ബംഗാൾ, ജമ്മു കശ്മീർ തുടങ്ങിയ സംസ്ഥാനങ്ങളിലും വിദേശത്തുമായി 66 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഈ ആഗോള ശൃംഖലയുടെ കീഴിൽ പ്രവർത്തിക്കുന്നു.

# ബജാജ് ഇലക്ട്രിക് ത്രീവീലർ വീഗോ പി9018 പുറത്തിറക്കുന്നു

**കൊച്ചി:** ബജാജ് ഓട്ടോ ലിമിറ്റഡ് ഏറ്റവും വലിയ ബാറ്ററിയും ഉയർന്ന റേഞ്ചുമുള്ള ഏറ്റവും വലിയ ഇലക്ട്രിക് ത്രീവീലർ വാഹനമായ വീഗോ പി9018 ഇന്ത്യയിൽ പുറത്തിറക്കുന്നതായി അറിയിച്ചു. 296 കിലോമീറ്റർ മൈലേജും 17.7 കിലോവാട്ട് ബാറ്ററിയുമുള്ള വീഗോ പി9018 നഗര, അർദ്ധ നഗര, ഗ്രാമീണ വിപണികളിലെ വികസിച്ചുകൊണ്ടിരിക്കുന്ന ഉപഭോക്തൃ ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് പുറത്തിറക്കുന്നതെന്ന് കമ്പനി അറിയിച്ചു.



4,41247 രൂപയാണ് (എക്സ്ഷോറൂം) മോഡലിന് വില. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപയോഗയോഗ്യമായ റേഞ്ച് വിപുലീകരിക്കുന്നതിലും സഹായിക്കുന്ന നവീന ബാറ്ററി മാനേജ്മെന്റ് സിസ്റ്റവും മെച്ചപ്പെടുത്തിയ റീജനറേറ്റീവ് ബ്രേക്കിംഗുമുള്ള മോഡലിന് അഞ്ച് വർഷം വാറന്റിയുമുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രിക് ത്രീ വീലർ വാഹനമായ വീഗോ പി9018യ്ക്ക് ഏറ്റവും വലിയ ബാറ്ററിയും ഒറ്റ ചാർജിൽ 296 കിലോമീറ്റർ സഞ്ചരിക്കുന്ന അസാധാരണ മൈലേജുമുണ്ടെന്ന് ബജാജ് ഓട്ടോ ലിമിറ്റഡിന്റെ ഇൻട്രാസിറ്റി ബിസിനസ് യൂണിറ്റ് പ്രസിഡന്റ് സമർദീപ് സുബന്ധ് പറഞ്ഞു.

ദീർഘദൂര യാത്രാ ശേഷിയുള്ള വലിയ ത്രീവീലർ വാഹനങ്ങൾ ആവശ്യമുള്ള ഇന്ത്യയിലെ നഗര, അർദ്ധ നഗര, ഗ്രാമീണ വിപണികൾക്ക് വീഗോ വളരെ അനുയോജ്യമാണെന്നും അദ്ദേഹം പറഞ്ഞു.

## ടെനോൺ എഫ്.എം.ക്ക് പുതിയ ഫെസിലിറ്റി മാനേജ്മെന്റ് കരാർ

Tenon fm

**കൊച്ചി:** കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവള അതോറിറ്റിയിൽ നിന്ന് ടെനോൺ എഫ്.എം. സമഗ്രമായ ഫെസിലിറ്റി മാനേജ്മെന്റ് സേവനങ്ങളുടെ പ്രധാന കരാർ നേടി. ഇതിന്റെ ഭാഗമായി വിമാനത്താവളത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഓപ്പറേഷൻസ് സഹായം, ഹൗസ്കീപിംഗ്, ശുചിത്വ നിയന്ത്രണം, സേവന കാര്യക്ഷമത മാനേജ്മെന്റ് എന്നിവ ടെനോൺ എഫ്.എം. കൈകാര്യം ചെയ്യും. അന്താരാഷ്ട്ര നിലവാരങ്ങളോട് ചേർന്ന സേവനം ഉറപ്പാക്കുന്നതിനായി പരിശീലനം നേടിയ ജീവനക്കാരെയും ഘടനാപരമായ പ്രവർത്തന രീതികളും സാങ്കേതിക അടിസ്ഥാനത്തിലുള്ള സംവിധാനങ്ങളും വിന്യസിക്കും. വിമാനത്താവളങ്ങൾ വിശ്വസനീയതയും സ്ഥിരതയും ഉപഭോക്തൃ സംതൃപ്തിയും അത്യന്താപേക്ഷിതമായ മേഖലയാണെന്ന് ടെനോൺ എഫ്.എം. സിഇഒ അങ്കൂർ സച്ച്ദേവ് പറഞ്ഞു. സി.ഐ.എ.എല്ലുമായി സഹകരിക്കുന്നത് കമ്പനിയുടെ വിമാനയാന മേഖലയിലെ സാന്നിധ്യം കൂടുതൽ ശക്തമാക്കുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

## എച്ച്പി പുതിയ ഡെസ്ക്ജെറ്റ് പ്രിന്ററുകൾ അവതരിപ്പിച്ചു



**കൊച്ചി :** ഗാർഹിക ഉപയോഗത്തിന് അനുയോജ്യമായ പുതിയ ഡെസ്ക് ജെറ്റ് ഓൾ ഇൻ വൺ പ്രിന്ററുകൾ എച്ച്പി അവതരിപ്പിച്ചു. എച്ച്പി ഡെസ്ക്ജെറ്റ് , എച്ച്പി ഡെസ്ക്ജെറ്റ് ഇങ്ക് അഡ്വാന്റേജ്, എച്ച്പി ഡെസ്ക്ജെറ്റ് അൾട്രാ ഇങ്ക് അഡ്വാന്റേജ് എന്നിങ്ങനെ ആറ് മോഡലുകളാണ് പുറത്തിറക്കിയത്. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രൊഫഷണലുകൾക്കും ഹോം പ്രിന്റിംഗ് കൂടുതൽ മികച്ചതും ലളിതവുമാക്കാൻ പുതിയ ശ്രേണി സഹായിക്കും. ഓട്ടോമാറ്റിക് ഡോക്യുമെന്റ് ഫീഡിംഗ്, വൈഫൈ മൾട്ടി ഡിവൈസ് പ്രിന്റിങ്ങ്, ഒറിജിനൽ എച്ച്പി ഇങ്ക്, 60ഷീറ്റ് ഇൻപുട്ട് ട്രേ, എച്ച്പി ആപ്പ് ബ്ലൂടൂത്ത് എന്നിവയാണ് പുതിയ ശ്രേണിയുടെ പ്രത്യേകതകൾ. കൂടാതെ വെരി പെരി, വാം അരോമ, സർഫ് ബ്ലൂ, മാച്ചുപിച്ചു, പിമെന്റോ എന്നീ നിറങ്ങളിൽ ലഭ്യമാണ്. എച്ച്പി ഡെസ്ക്ജെറ്റ് പ്രിന്ററുകൾ 6999 രൂപ മുതൽ ലഭ്യമാണ്.

## സംസ്കൃത സർവ്വകലാശാല: ഗൂഞ്ച് കളക്ഷൻ ഡ്രൈവ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയിലെ മുൻനിര എൻ. ജി. ഒ 'ഗൂഞ്ച്' മായി ചേർന്ന് സംഘടിപ്പിക്കുന്ന പുനഃരുപയോഗ യോഗ്യമായ സാധനങ്ങളുടെ കളക്ഷൻ ഡ്രൈവ് രജിസ്ട്രാർ ഡോ. മോത്തി ജോർജ് ഉദ്ഘാടനം ചെയ്തു. സോഷ്യൽ വർക്ക് വിഭാഗം മേധാവി ഡോ. ജോസ് ആന്റണി അധ്യക്ഷനായിരുന്നു. ഡോ. രേഷ്മ ഭരദ്വാജ്, വി. ടി ഷൈനി, എസ്. അഞ്ജന എന്നിവർ പ്രസംഗിച്ചു. കളക്ഷൻ ഡ്രൈവ് ഫെബ്രുവരി 20 വരെയായിരിക്കും. ബി. എസ്. ഡബ്ല്യു. വിദ്യാർത്ഥികളുടെ നേതൃത്വത്തിലാണ് കളക്ഷൻ ഡ്രൈവ് സംഘടിപ്പിക്കുന്നത്. വീട്ടുപകരണങ്ങൾ, ഓഫീസ് വസ്തുക്കൾ, വിൽക്കാത്ത സാധനങ്ങൾ, കമ്പിളി വസ്ത്രങ്ങൾ, സാരികൾ, വസ്ത്രങ്ങൾ, പാത്രങ്ങൾ, സ്റ്റേഷനറികൾ, ഒരു വശം മാത്രം ഉപയോഗിച്ച പേപ്പർ, കളിപ്പാട്ടങ്ങൾ, ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ എന്നിവയാണ് ശേഖരിക്കുക. ശേഖരിച്ച വസ്തുക്കളിൽ നിന്നും സാനിട്ടറി നാപ്കിൻ, സ്കൂൾ കിറ്റ്, ശൈത്യകാല വസ്ത്രങ്ങൾ, ഫാമിലി കിറ്റ് എന്നിവ തയ്യാറാക്കി ഗൂഞ്ചിന്റെ നേതൃത്വത്തിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലുള്ള ഗ്രാമീണ മേഖലകളിൽ വിതരണം ചെയ്യും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കെനിയയുടെയും കൊച്ചിയുടെയും മനുഷ്യരൂപങ്ങൾ ക്യാൻവാസിൽ സമന്വയിപ്പിച്ച് പീറ്റേഴ്സൺ കംവാത്തി



**കൊച്ചി:** കൊച്ചി ബിനാലെ ഫൗണ്ടേഷൻ (കെ.ബി.എഫ്) നടത്തുന്ന 'ഇൻവിറ്റേഷൻസ്' കലാപ്രദർശനത്തിന്റെ ഭാഗമായി കെനിയൻ കലാകാരൻ പീറ്റേഴ്സൺ കംവാത്തി ഒരുക്കുന്ന 'സ്ക്രീ' എന്ന പ്രദർശനത്തിൽ രചനാവിഭാഗത്തിൽ കെനിയ, കൊച്ചി എന്നിവിടങ്ങളിലെ മനുഷ്യരൂപങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഫോർട്ട് കൊച്ചി ഡേവിഡ് ഹാളിലെ ചുവരുകളിൽ ചാർക്കോളിലും പാസ്റ്റലിലുമാണ് കഥപറയുന്ന മനുഷ്യരൂപങ്ങളുള്ളത്. നെയ്റോബി കണ്ടെംപററി ആർട്ട് ഇൻസ്റ്റിറ്റ്യൂട്ടുമായി (എൻസിഎഐ) സഹകരിച്ച് സംഘടിപ്പിച്ചിരിക്കുന്ന ഈ പ്രദർശനം, കൊച്ചി മുസിരിസ് ബിനാലെയ്ക്ക് സമാന്തരമായാണ് നടക്കുന്നത്.

ചുവരിലെ ഓരോ രൂപവും ഓർമ്മകളുടെ ശരീരഘടനയെന്നാണ് കലാകാരൻ വിശേഷിപ്പിക്കുന്നത്. ഓരോ മനുഷ്യരൂപത്തിന്റെ നോട്ടം, നിൽപ്പ്, വസ്ത്രധാരണം, വികാരങ്ങൾ എന്നിവയെ ചരിത്രവും സമകാലിക സംവാദങ്ങളുമായും പ്രതീകവത്കരിച്ചിരിക്കുന്നു. ചുവരിലെ ചിത്രങ്ങൾക്ക് പുറമെ, തറയിൽ പ്രദർശിപ്പിച്ചിരിക്കുന്ന തിളക്കമുള്ള വിനൈൽ ബിൽബോർഡുകളുടെ ശിൽപ്പങ്ങൾ പുരാതനവർത്തമാനകാലത്തെ വ്യാപാരയാത്രാ ബന്ധങ്ങളെ ഓർമ്മിപ്പിക്കുന്നു. മനുഷ്യരൂപങ്ങൾ വരയ്ക്കുന്നതാണ് ഏറെ ആസ്വദിക്കുന്നതെന്ന് പീറ്റേഴ്സൺ കംവാത്തി പറഞ്ഞു. കിഴക്കൻ ആഫ്രിക്കൻ തീരവും കൊച്ചിയും തമ്മിലുള്ള ദീർഘകാല ബന്ധത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ കലാസൃഷ്ടി. കൊച്ചിയിൽ നിന്ന് ശേഖരിച്ച പഴയ വിനൈൽ ഷീറ്റുകൾ ഉപയോഗിച്ചാണ് അദ്ദേഹം ശിൽപ്പങ്ങൾ ഒരുക്കിയിരിക്കുന്നത്.

സമകാലിക സമൂഹത്തിലെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ഘടകങ്ങളെയാണ് പീറ്റേഴ്സൺ സൃഷ്ടികളിലൂടെ വിശകലനം ചെയ്യുന്നതെന്ന് എൻ.സി.എ.ഐ ക്യൂറേറ്റർ ഡോൺ ഹാൻഡ പറഞ്ഞു. കെനിയയിലെയും കൊച്ചിയിലെയും മനുഷ്യരെയും ജീവിതരീതികളെയും നിരീക്ഷിച്ചാണ് വലിയ ക്യാൻവാസുകളിൽ വരിനിൽക്കുന്ന മനുഷ്യരുടെ രൂപങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

നെയ്റോബി കേന്ദ്രമായി പ്രവർത്തിക്കുന്ന സ്ഥാപനമായ എൻ.സി.എ.ഐ 2022ലാണ് ആരംഭിച്ചത്. ഇതിനകം അറുപതിലധികം കലാകാരന്മാർക്കായി പത്തിൽപരം പ്രദർശനങ്ങൾ സംഘടിപ്പിച്ചു കഴിഞ്ഞു. കിഴക്കൻ ആഫ്രിക്കൻ കലാസമൂഹത്തിന് ഊർജ്ജം പകരാൻ കൊച്ചി ബിനാലെ ഫൗണ്ടേഷൻ നൽകിയ അവസരം സഹായിച്ചുവെന്നും ഡോൺ ഹാൻഡ പറഞ്ഞു.

## മ്യൂച്വൽഫണ്ട് വിതരണം: എൻ.എസ്.ഇയും തപാൽ വകുപ്പും ധാരണയിൽ



**കൊച്ചി:** ഗ്രാമീണ ജനതയുടെ സാമ്പത്തിക പങ്കാളിത്തം ഉറപ്പാക്കി താഴെത്തട്ടിലുള്ളവർക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തപാൽ വകുപ്പും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. തപാൽ വകുപ്പ് ജനറൽ മാനേജർ മനീഷ ബൻസാൽ ബാദൽ, എൻ.എസ്.ഇ. ചീഫ് ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ ശ്രീറാം കൃഷ്ണൻ എന്നിവർ എൻ.എസ്.ഇ. മാനേജിംഗ് ഡയറക്ടറും സി.ഇ.ഒ.യുമായ ആശിഷ് കുമാർ ചൗഹാന്റെ സാന്നിധ്യത്തിൽ ധാരണാപത്രത്തിൽ ഒപ്പിട്ടു.

ധാരണാപത്രം അനുസരിച്ച് തപാൽ വകുപ്പിന്റെ 1.64 ലക്ഷത്തിലധികം വരുന്ന പോസ്റ്റ് ഓഫീസുകളുടെ വിപുലമായ ശൃംഖലയും ജനങ്ങൾക്കിടയിലുള്ള വിശ്വാസവും എൻ.എസ്.ഇ.യുടെ അത്യാധുനിക സാങ്കേതിക വിദ്യയും ഈ പങ്കാളിത്തത്തിലൂടെ ഒത്തുചേരും. തപാൽ വകുപ്പിന്റെ വിപുലമായ സ്വാധീനത്തിലൂടെ കർഷകർ, വീട്ടമ്മമാർ, തൊഴിലാളികൾ, യുവാക്കൾ എന്നിവരിലേക്ക് ആധുനിക നിക്ഷേപ സൗകര്യങ്ങൾ എത്തിക്കാൻ ഈ സംരംഭം വഴി സാധിക്കും. ഉൽപ്പാദനക്ഷമമല്ലാതെ കിടക്കുന്ന ചെറുകിട സമ്പാദ്യത്തെ മൂലധന വിപണികളിലേക്ക് തിരിച്ചുവിടാനും, രാജ്യത്തിന്റെ സമഗ്രവും സന്തുലിതവുമായ വളർച്ചയ്ക്ക് സംഭാവന നൽകാനും ഈ സഹകരണം അവസരമൊരുക്കുമെന്ന് എൻഎസ്ഇ ചീഫ് ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ ശ്രീറാം കൃഷ്ണൻ പറഞ്ഞു. ധാരണാപത്ര വഴി മൊബൈൽ അല്ലെങ്കിൽ ആധാർ അധിഷ്ഠിത ഇകെ.വൈ.സി മുതൽ ഇടപാടുകൾ വരെയുള്ള എല്ലാ സേവനങ്ങളും എൻ.എസ്.ഇ. പ്ലാറ്റ്ഫോം വഴി തപാൽ ഓഫീസുകളിൽ ലഭ്യമാക്കും. ലളിതവും പരിമിതവുമായ നിക്ഷേപ മാർഗങ്ങളിലൂടെയുള്ള സ്വയം നിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്ന് ശ്രീറാംകൃഷ്ണൻ പറഞ്ഞു

# ടാറ്റാ എഐഎ ന്യൂ ഫണ്ട് ഓഫർ ഫെബ്രുവരി 16 വരെ

**കൊച്ചി:** ടാറ്റാ എഐഎ ലൈഫ് എൻഹാൻസ്ഡ് വാല്യു ഇൻഡക്സ് ഫണ്ട്, ടാറ്റാ എഐഎ ലൈഫ് എൻഹാൻസ്ഡ് വാല്യു ഇൻഡെക്സ് പെൻഷൻ ഫണ്ട് എന്നിവയുടെ ന്യൂ ഫണ്ട് ഓഫർ ഫെബ്രുവരി 16 വരെ നടത്തും. സുതാര്യമായ ഇൻഡെക്സ് മാതൃകയിലൂടെ തെരഞ്ഞെടുത്ത 50 കമ്പനികളിലായിരിക്കും ടാറ്റാ എഐഎ ലൈഫ് എൻഹാൻസ്ഡ് വാല്യു ഇൻഡെക്സ് ഫണ്ട് നിക്ഷേപിക്കുക.

കുട്ടികളുടെ വിദ്യാഭ്യാസം ആസൂത്രണം ചെയ്യൽ, ആസ്തികൾ കെട്ടിപ്പടുക്കൽ, ദീർഘകാല സാമ്പത്തിക സുരക്ഷിതത്വം ആശങ്കകളില്ലാത്ത റിട്ടയർമെന്റ് ആസൂത്രണം ചെയ്യൽ ഉചിതമായ പദ്ധതിയാണ് ടാറ്റാ എഐഎ ലൈഫ് എൻഹാൻസ്ഡ് വാല്യു ഇൻഡെക്സ് പെൻഷൻ ഫണ്ടെന്ന് ടാറ്റ എഐഎ ലൈഫ് ഇൻഷൂറൻസ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫിസർ ഹർഷദ് പട്ടേൽ ചൂണ്ടിക്കാട്ടി.

TATA AIA LIFE INSURANCE

ബിഎസ്ഇ 500 എൻഹാൻസ്ഡ് വാല്യു 50 കസ്റ്റമൈസ്ഡ് ഇൻഡെക്സ് ആയിരിക്കും ഈ ഫണ്ടുകളുടെ അടിസ്ഥാന സൂചിക. പദ്ധതി നിക്ഷേപങ്ങളുടെ 70-100 ശതമാനം ഓഹരികളിലും ഓഹരി അനുബന്ധ പദ്ധതികളിലുമാകും നടത്തുക. 0-30 ശതമാനം കാഷ്, മണി മാർക്കറ്റ് പദ്ധതികളിൽ നിക്ഷേപിക്കും. ഓഹരികൾ തെരഞ്ഞെടുക്കുന്നതിലും വിപണിയിലെ സമയം തെരഞ്ഞെടുക്കുന്നതിലും പല നിക്ഷേപകരും ബുദ്ധിമുട്ടുന്നുണ്ട്. ഇവയെല്ലാം ലളിതമാക്കുന്ന രീതിയിലാണ് തങ്ങളുടെ എൻഹാൻസ്ഡ് വാല്യു ഇൻഡെക്സിന്റെ രീതികളെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# എൻആർഐ ഇൻഷുർ അഡോൺ അവതരിപ്പിച്ച് ബജാജ് ജനറൽ ഇൻഷുറൻസ്

**കൊച്ചി:** ബജാജ് ജനറൽ ഇൻഷുറൻസ് ലിമിറ്റഡ് അവരുടെ പ്രധാന റീട്ടെയിൽ ഹെൽത്ത് ഇൻഷുറൻസ് ഉൽപ്പന്നമായ 'മൈ ഹെൽത്ത് കെയർ പ്ലാനിൽ' എൻആർഐ ഇൻഷുർ' എന്ന പുതിയ അഡോൺ അവതരിപ്പിച്ചു. എൻആർഐകൾക്കും ഒസിഐകൾക്കും (ഓവർസീസ് സിറ്റിസൺസ് ഓഫ് ഇന്ത്യ) വേണ്ടി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ഓഫർ, എംഎച്ച്സിപി പ്ലാനുകളിലെ ബേസ് പോളിസി പ്രീമിയത്തിൽ 35% ഇളവ് നൽകുന്നുവെന്ന് കമ്പനി അധികൃതർ പറഞ്ഞു.

BAJAJ GENERAL

ഇന്ത്യയിൽ ആരോഗ്യ ഇൻഷുറൻസ് തുടർന്നും നിലനിർത്താൻ ആഗ്രഹിക്കുന്ന വിദേശത്തുള്ള ഇന്ത്യൻ പൗരന്മാരുടെ ആവശ്യങ്ങൾ പരിഗണിച്ചാണ് പദ്ധതി അവതരിപ്പിച്ചത്. പുതിയ പോളിസി വാങ്ങുമ്പോൾ ആവശ്യമായ രേഖകളും എൻആർഐ/ഒസിഐ പദവി പ്രഖ്യാപനവും സമർപ്പിച്ച് ഈ അഡോൺ തിരഞ്ഞെടുക്കാം. അടിസ്ഥാന പോളിസിയിലെ എല്ലാ സവിശേഷതകളും ആനുകൂല്യങ്ങളും വെയിറ്റിംഗ് കാലയളവുകളും തുടരും.

